**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1006** **09-10-2024 - ൽ മറുപടിയ്ക്ക്**

**കൊണ്ടോട്ടി വലിയ തോടിൽ ഉപയോഗശൂന്യമായ വി.സി.ബി.കൾ (വെന്റഡ് ക്രോസ്സ് ബാർ )**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കൊണ്ടോട്ടി നഗരത്തിൽ വെള്ളക്കെട്ടിന് കാരണമാകുന്ന കൊണ്ടോട്ടി വലിയ തോടിൽ ജലസേചന വകുപ്പ് വർഷങ്ങൾക്ക് മുമ്പ് സ്ഥാപിച്ചതും ഉപയോഗ ശൂന്യമായതുമായ വി.സി.ബി.(വെന്റഡ് ക്രോസ്സ് ബാർ)-കൾ പൊളിച്ച് മാറ്റി തോടിന്റെ നീരൊഴുക്ക് സുഗമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (എ) | കൊണ്ടോട്ടി നഗരത്തിൽ കൊണ്ടോട്ടി വലിയ തോട്ടിൽ വെള്ളക്കെട്ടിന് കാരണമാകുന്ന കാലപ്പഴക്കം ചെന്ന് ഉപയോഗ യോഗ്യമല്ലാത്തതും ഒഴുക്കിന് തടസ്സം വരുന്നതുമായ താഴെ പറയുന്ന നിർമ്മിതികൾ ഉണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്.<br><br>1) വാർഡ്-31 ൽ കുറുപ്പത്ത് ചിറയിൽ റോഡ് പാലത്തിന് സമീപമുള്ള പഴയ ചെക്ക് ഡാം.<br><br>2) ജനത ബസാറിൽ റിലീഫ് ഹോസ്പിറ്റലിന് മുൻവശമുള്ള ഉപയോഗശൂന്യമായ വിസിബി.<br><br>3) സുൽത്താൻ പാലസ് ഹോട്ടലിലേക്കുള്ള വഴിയിലെ പാലത്തിന് സമാന്തരമായുള്ള ഉപയോഗശൂന്യമായ നടപ്പാലം.<br><br>4) ദയനഗറിലെ ഉപയോഗശൂന്യമായ നടപ്പാലവും പഴയ വിസിബിയും.<br><br>പ്രസ്തുത സ്ഥലങ്ങളിലെ ജനപ്രതിനിധികളുമായി പരിശോധന നടത്തി മേൽ പറഞ്ഞ നിർമ്മിതികൾ പൊളിച്ച് മാറ്റാനും അടിഞ്ഞുകൂടിയ മണ്ണ് തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നീക്കം ചെയ്യുവാനുമുള്ള നടപടികൾക്കായി കൊണ്ടോട്ടി മുനിസിപ്പൽ സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ